പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3831

20.7.2015 ലെ മറുപടിയ്ക്ക്

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളിലെ യു.പി.-ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ്**

| | **ചോദ്യം**<br>ശ്രീ. ബി.സത്യൻ | | **ഉത്തരം**<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള സ്കൂളുകളിലെ യു.പി-ഹൈസ്കൂൾ തല അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്; ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | യു.പി-ഹൈസ്കൂൾതല അദ്ധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് 13.8.2013 ലാണ്. (പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.) |
| (ബി) | സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത ആർക്കെങ്കിലും നിയമനാംഗീകാരം നൽകിയിട്ടുണ്ടോയെന്നും എങ്കിൽ ഇത് സീനിയോറിറ്റി മറികടന്നാണോ ചെയ്തിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ; | (ബി) | സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാത്ത 51-എ അവകാശികളിൽ (അവധി ഒഴിവിൽ നിയമനം ലഭിച്ചിട്ട് വീണ്ടും നിയമനം ലഭിക്കുന്നതിനായി പുറത്ത് നിൽക്കുന്നവർ) 16 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. (ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം IIആയി ചേർക്കുന്നു.)<br>സീനിയോറിറ്റി മറികടന്നിട്ടില്ല. |
| (സി) | പുതിയ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) | പുതിയ സീനിയോരിറ്റി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്